68 (464) വല്ലച്ചിറ, ചേർപ്പ് ജലസേചന പദ്ധതി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഐ.സി. സഹായത്തോടെ വാട്ടർ അതോറിറ്റി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വല്ലച്ചിറ ചേർപ്പ് ജലസേചന പദ്ധതിയുടെ പ്രവർത്തനം തുടങ്ങുന്നതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി മുഖേന ഏതൊക്കെ സ്ഥലങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) പാറളം പദ്ധതിയുടെ പ്രവർത്തനം എന്ന് പൂർത്തിയാകും; ഇതിന്റെ പൈപ്പ് ഇടുന്ന പ്രവർത്തനം എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ;

(ഡി) പാറളം സ്കീമിന്റെ ടാങ്ക് നിർമ്മാണത്തിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വല്ലച്ചിറ ചേർപ്പ് ജലസേചന പദ്ധതി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടതല്ല. ഊരകത്തനും സമീപ വില്ലേജുകൾക്കുമായി ഒരു ശുദ്ധജല വിതരണ പദ്ധതി എൽ.ഐ.സി.യുടെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയ്ക്കാവശ്യമായ ഭൂമിയും പൈപ്പും ലഭ്യമാകാത്തതാണ് പദ്ധതിയുടെ പ്രവർത്തനം തുടങ്ങാൻ തടസ്സമായിട്ടുള്ളത്.

(ബി) വല്ലച്ചിറ, ഊരകം എന്നീ വില്ലേജുകളിലെ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) പാറളം പദ്ധതി 12/2000 ത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പൈപ്പുകൾ സ്ഥാപിച്ചിട്ടില്ല. പൈപ്പുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത ടാങ്കിന്റെ കോൺക്രീറ്റിംഗ് പണികൾ കഴിഞ്ഞു. പ്ലാസ്റ്ററിംഗ് പണികൾ നടന്നുകൊണ്ടിരിക്കുന്നു. കോൺട്രാക്ടറുടെ അനാസ്ഥയും സാധനങ്ങൾ ലഭ്യമാക്കുവാൻ ഉണ്ടായ കാലതാമസവുമാണ് ടാങ്ക് നിർമ്മാണം താമസമാകാനുള്ള കാരണങ്ങൾ.

69 (465) കട്ടയാട് ജലസേചന പദ്ധതി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 മേയ് മാസത്തിൽ പണി പൂർത്തിയാക്കി വെള്ളം ലഭ്യമാക്കുമെന്നറിയിച്ച സുൽത്താൻബത്തേരി പഞ്ചായത്തിലെ കട്ടയാട് ജലസേചന പദ്ധതി ഇതേവരെ പൂർത്തിയാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തിയാക്കി വെള്ളം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ ശിക്ഷാ നടപടികൾ കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly